2009, ഖുത്വ്ബ നമ്പര് - 12

بسم الله الرحمن الرحيم

20.03.2009
ബയ്ത്തുൽ ഫുതൂഹ്,
ലണ്ടൻ

# ശഹാദത്തുകൾ
# ജമാഅത്തിനെ തളർത്തില്ല.

ഇന്നേക്ക് നൂറ്റി ഇരുപത് വർഷം മുമ്പ് മാർച്ച് 23-ാം തിയ്യതി, തിരുനബി (സ)ക്ക് സുവാർത്തയായി അല്ലാഹു അറിയിച്ച വിശുദ്ധ ഖുർആനിലെ ഒരു പ്രവചനം പുലരുകയുണ്ടായി എന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. മുസ്‌ലിം സമുദായം ആയിരം വർഷക്കാലം തുടർച്ചയായ അന്ധകാരത്തിൽ പതിക്കുകയും ഇസ്‌ലാം പേരിനുമാത്രം അവശേഷിക്കുകയും ചെയ്തതിനു ശേഷം സിറാജുൽമുനീറിൽ നിന്നും പ്രകാശം സ്വീകരിക്കുന്ന ചന്ദ്രന്റെ ഉദയമുണ്ടാകും എന്ന് പ്രവചിക്കപ്പെട്ടിരുന്നു. ആ ചന്ദ്രൻ ഖിയാമത്ത് നാൾവരെ പ്രകാശം പരത്തിക്കൊണ്ടിരിക്കുന്നതാണെന്ന് തിരുനബി(സ) അരുൾചെയ്യുകയും ചെയ്തിരുന്നു. അദ്ദേഹത്താൽ സ്ഥാപിതമാകുന്ന പ്രസ്ഥാനം സ്ഥായിയായതായിരിക്കുന്നതുമാണ്. തന്റെ യജമാനരായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) യുടെ ശരീഅത്തിന്റെ സൗരഭ്യവും പ്രകാശവും കൊണ്ട് അദ്ദേഹത്താൽ ശിക്ഷണം ലഭിച്ചവരും ലോകഹൃദയങ്ങ ൾക്ക് എപ്പോഴും സൗരഭ്യവും പ്രകാശവും നൽകിക്കൊണ്ടിരി ക്കുന്നതാണ്. തിരുനബി(സ)യുടെ ദാസനാൽ സ്ഥാപിതമായ ഈ പ്രസ്ഥാനത്തിന്റെ ആദ്യഘട്ടത്തിന്റെ തുടക്കം കുറിച്ചത് 1889 മാർച്ച് 23-ാം തിയ്യതിയാണ്. അല്ലാഹു ആ മഹാത്മാവിനോട് ഇപ്രകാരം അരുളുകയുണ്ടായി;

*'ഇദാ അസംത്ത ഫതവക്കൽ അലല്ലാഹി വസ്നഇൽ ഫുൽക്ക ബിഅ അ്യുനിനാ വവഹ്യിനാ. അല്ലദീന യുബായി ഊനക്ക ഇന്ന മായുബാഇ ഊനല്ലാഹ. യദുല്ലാഹി ഫൗഖ അയ്ദീഹിം'*

ഇസാലെ ഔഹാം എന്ന ഗ്രന്ഥത്തിൽ ആ മഹാത്മാവ് നൽകിയ അർത്ഥം ഇപ്രകാരമാണ്. ഈ സേവനത്തിനായി നീ ദൃഢ നിശ്ചയം ചെയ്തുകഴിഞ്ഞാൽ അല്ലാഹുവിൽ ഭരമേൽപ്പിക്കുക. ഈ കപ്പൽ നമ്മുടെ വഹ്‌യിന്റെ അടിസ്ഥാനത്തിലും നമ്മുടെ കൺമുമ്പിലും ഉണ്ടാക്കുക. നിന്നോട് ബൈഅത്തു ചെയ്യുന്നവർ നിന്നോടല്ല, അല്ലാഹുവിനോടാണ് ബൈഅത്ത് ചെയ്യുന്നത്. അവരുടെ കൈകൾക്ക് മീതെയുള്ളത് അല്ലാഹുവിന്റെ കയ്യായിരിക്കും."

മറ്റൊരു സ്ഥലത്ത് ആ മഹാത്മാവ് അരുളുന്നു. ഈ പ്രസ്ഥാനം സ്ഥാപിക്കുന്ന അവസരത്തിൽ അവൻ എന്നോട് പറഞ്ഞു, 'ഭൂമിയിൽ വഴികേടിന്റെ ശക്തമായ ഒരു പ്രളയം തന്നെ ഉണ്ടായിരിക്കുകയാണ്. ഈ പ്രളയസമയത്ത് നീ ഒരു കപ്പൽ നിർമ്മിക്കുക. ഈ കപ്പലിൽ യാത്രചെയ്യുന്നവർ മുങ്ങുന്നതിൽനിന്നും രക്ഷ പ്രാപിക്കുന്നതാണ്. നിഷേധികളാണെങ്കിൽ അവരെ മരണം കാത്തിരിക്കുന്നുണ്ട്."

അല്ലാഹുവിന്റെ കൽപ്പന പ്രകാരം 1889 മാർച്ച് 23-ാം തിയ്യതി അദ്ദേഹം ബൈഅത്ത് വാങ്ങി. ശതക്കണക്കിന് പേർ ഈ കപ്പലിൽ ആ സമയത്ത് കയറിപ്പറ്റുകയുണ്ടായി. ഈ അംഗസംഖ്യ വർദ്ധിച്ച് വർദ്ധിച്ച് അദ്ദേഹത്തിന്റെ ജീവിതകാലത്ത് തന്നെ ലക്ഷങ്ങളിൽ പ്രവേശിക്കുകയും ചെയ്തു. ബൈഅത്ത് ചെയ്തവർ ബൈഅത്തനുസരിച്ച് ജീവിക്കുകയും ചെയ്തു. അല്ലാഹു തന്റെ കൈകൾ അവർക്കു മീതെ വെക്കുകയും അങ്ങനെ അവർ ആത്മീയ പടവുകൾ കയറുകയും ചെയ്തുകൊണ്ടിരുന്നു. ഭയാനകമായ എതിർപ്പുകളുടെ ഇരുണ്ട കൊടുങ്കാറ്റ് അവരിൽ ആഞ്ഞുവീശുകയുണ്ടായി. സ്വന്തക്കാരുടെയും അന്യരുടേയും എതിർപ്പുകൾ അവർക്ക് സഹിക്കേണ്ടതായി വന്നു. ബൈഅത്ത് ചെയ്തതിന്റെ കാരണത്താൽ ചിലരെ ശഹീദാക്കുകയും ചെയ്തു. അതിക്രൂരമായ രീതിയിൽ ശഹീദാക്കപ്പെട്ട ഏറ്റവും ഉന്നതനായ ശഹീദ് സാഹിബ് സാദാ സയ്യിദ് അബ്ദുൽ ലത്തീഫ് ശഹീദ് (റ) ആണ്. അദ്ദേഹത്തെ മൗലവിമാരുടെ ഫത്‌വയുടെ അടിസ്ഥാനത്തിൽ രാജാവിന്റെ കൽപനപ്രകാരം ആദ്യം നിഷ്ഠൂരമായ രീതിയിൽ ഭൂമിയിൽ കുഴിച്ചിടുകയും എന്നിട്ട് കല്ലെറിഞ്ഞ് ശഹീദാക്കുകയും ചെയ്തു. ആദ്യകാലങ്ങളിൽ റസൂൽ (സ) തിരുമേനിയുടെ സഹാബാക്കളിൽ അഴിച്ചുവിട്ടിരുന്ന അക്രമങ്ങൾ ഈ സംഭവം ഓർമ്മപ്പെടുത്തുകയുണ്ടായി. നാനാവിധ എതിർപ്പുകൾ നേരിടേണ്ടി വന്നിട്ടും അല്ലാഹുവിന്റെ പ്രസ്ഥാനം മുന്നോട്ട് തന്നെ കുതിച്ചുകൊണ്ടിരുന്നു. അങ്ങനെ അല്ലാഹുവിന്റെ സനാതനനിയമമനുസരിച്ച് ആ മഹാത്മാവിൽ അല്ലാഹു അർപ്പിച്ചിരുന്ന ഉത്തരവാദിത്വങ്ങൾ പൂർത്തിയാക്കിയതിന് ശേഷം 1908 മെയ് 26-ാം തിയതി അദ്ദേഹം ഈ ലോകത്തോട് വിടപറഞ്ഞു.

അതിനുശേഷം, ആ മഹാത്മാവിന് അല്ലാഹു സ്വാന്തനം നൽകിയതുപോലെ, നിന്റെ പ്രസ്ഥാനത്തിന്റെ രണ്ടാം ഘട്ടം ഖുദ്റത്തെ സാനിയ (ഖിലാഫത്ത്) - രണ്ടാം ശക്തി പ്രഭാവത്തിലൂടെ - ആരംഭിക്കുന്നതാണ് എന്നതിന്റെ അടിസ്ഥാനത്തിൽ രണ്ടാം ഘട്ടം ആരംഭിക്കുകയുണ്ടായി. ഇതിനെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു.

"ചുരുക്കത്തിൽ (അല്ലാഹു) രണ്ട് രീതിയിലുള്ള ശക്തിപ്രഭാവങ്ങളാണ് വെളിപ്പെടുത്താറുള്ളത്. ആദ്യം പ്രവാചകരിലൂടെ തന്റെ ശക്തിപ്രഭാവം അവൻ വെളിപ്പെടുത്തുന്നു. രണ്ടാമത്തെ ശക്തിപ്രഭാവം പ്രകടിപ്പിക്കുന്നത് പ്രവാചകന്റെ മരണശേഷമാണ്. പ്രവാചകന്റെ മരണശേഷം പ്രയാസങ്ങൾ അഭിമുഖീകരിക്കേണ്ടിവരുന്നു. ശത്രുക്കൾ ശക്തരായിത്തീരുന്നു. എല്ലാം തകിടം മറി ഞ്ഞു എന്നവർ കരുതുന്നു. ഈ ജമാഅത്ത് നശിച്ചു പോകും എന്ന് അവർ ഉറച്ചു വിശ്വസിക്കുന്നു. ആ സമയത്ത് ജമാഅത്തിലുള്ളവരും ആശങ്കയിൽ അകപ്പെട്ടുപോകുന്നു. അവരും ക്ഷീണിച്ചുപോകുന്നു. നിർഭാഗ്യവാന്മാരായ പലരും മുർത്തദ്ദായിത്തീരുകയും ചെയ്യുന്നു. അപ്പോൾ അല്ലാഹു വീണ്ടും തന്റെ അതിശക്തമായ ഖുദ്റത്ത്, ദിവ്യശക്തിപ്രഭാവം വെളിപ്പെടുത്തുന്നു. അങ്ങനെ വീണുകൊണ്ടിരിക്കുന്ന ജമാഅത്തിനെ അവൻ സ്വയം താങ്ങിനിർത്തുന്നു. അതുകൊണ്ട് അവസാനം വരെ ക്ഷമ കൈ കൊള്ളുന്നവർ അല്ലാഹുവിൽനിന്നുള്ള ഈ മുഅ്ജിസത്ത് കാണുന്നതാണ്."

അങ്ങനെ ഈ രണ്ടാം ഘട്ടം തുടങ്ങിയപ്പോൾ ആ മഹാത്മാവ് പറഞ്ഞതുപോലെ ദൗർഭാഗ്യവാന്മാരായ ചിലർ സംശയത്തിൽ അകപ്പെടുകയുണ്ടായി. അവർ തങ്ങളുടെ അഹന്തയിൽ കെട്ടിപ്പിണഞ്ഞുപോയി. ഖലീഫത്തുൽ മസീഹ് അവ്വൽ അവരെ വ്യക്തമായ ഭാഷയിൽ ഉപദേശിച്ചുകൊണ്ട് നേർപന്ഥാവിൽ കൊണ്ടുവരാൻ ശ്രമിക്കുകയും ചെയ്തിരുന്നു. എന്നാൽ രണ്ടാം ഖിലാഫത്തിന്റെ തെരഞ്ഞെടുപ്പ് അവസരത്തിൽ അവരിൽ ചിലർ മുർതദ്ദാകു

കയും ചെയ്തു. വീണുകൊണ്ടിരിക്കുന്ന ജമാഅത്തിനെ *യദു ല്ലാഹി ഫൗക അയ്ദീഹും* - അല്ലാഹുവിന്റെ കൈയാണ് അവരുടെ കൈകൾക്ക് മുകളിലുള്ളത് - എന്ന വാഗ്ദാനപ്രകാരം അല്ലാഹു തന്നെ സംരക്ഷിക്കുന്നതാണെന്ന കാര്യം അവർ ഓർത്തില്ല. ഈ കപ്പലിൽ യാത്ര ചെയ്യുന്നവരാണെങ്കിലും രണ്ടാം ശക്തി പ്രഭാവവുമായി ബന്ധം സ്ഥാപിക്കുന്നവരാണ് രക്ഷപ്പെടുക എന്ന യാഥാർത്ഥ്യം ബുദ്ധിയുണ്ടായിട്ടും അവർ മനസ്സിലാക്കിയില്ല. ആ രണ്ടാമത്തെ ഖുദ്റത്ത് ഒരു അഞ്ചുമനുമല്ല. അത് ഖിലാഫത്താണ്. അതുകൊണ്ട് ഖിലാഫത്തുമായി ബന്ധപ്പെട്ട് നിൽക്കുന്നതുകാരണം ഹദ്റത്ത് മസീഹ് മൗഊദ് (അ) നിർമ്മിച്ച കപ്പലിൽ യാത്രചെയ്യുന്ന നാം ഇന്ന് അനുഗൃഹീതരാണ്. മുങ്ങിപ്പോകുന്നതിൽ നിന്നും നാം രക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു. അല്ലാഹുവിന്റെ കൈകൾ നമുക്ക് മീതെയുണ്ട്. ലോകം നിന്ദ്യതയിൽ കൂപ്പുകുത്തിക്കൊണ്ടിരിക്കുകയാണ്. അഹ്മദികളാണെങ്കിൽ സർവ്വശക്തിമാനായ തങ്ങളുടെ ദൈവത്തിന്റെ അനുഗ്രഹങ്ങൾ കണ്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു.

1908 മുതൽ ഇന്നേവരെ നവംനവങ്ങളായ പദ്ധതികളിലൂടെ ശത്രുപക്ഷം ജമാഅത്തിനെ നശിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ അല്ലാഹു ശത്രുക്കളുടെ കുതന്ത്രങ്ങൾ മുഖേനയുണ്ടാകുന്ന എല്ലാ ദൂഷ്യങ്ങളിൽ നിന്നും ജമാഅത്തിനെ സംരക്ഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ വാഗ്ദാനപ്രകാരം ലോകത്ത് ജമാഅത്ത് മുന്നേറിക്കൊണ്ടിരിക്കുന്നതനുസരിച്ച് അസൂയയുടേയും എതിർപ്പിന്റെയും അഗ്നിയും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. എതിർപ്പുകൾ വർദ്ധിക്കുന്നു. നാമധാരികളും സ്വേച്ഛയെ പിൻപറ്റുകയും ചെയ്യുന്ന പണ്ഡിതരെന്ന് പറയപ്പെടുന്നവർക്ക് എവിടെയെല്ലാം സ്വാധീനം ചെലുത്താൻ സാധിക്കുന്നുണ്ടോ അവിടെയെല്ലാം ദൈവനാമത്തിൽ അവർ അക്രമങ്ങൾ അഴിച്ചുവിട്ടുകൊണ്ടിരിക്കുന്നു. എന്നാൽ എല്ലാ എതിർപ്പുകളും തന്നെ ഓരോ അഹ്മദിയുടേയും വിശ്വാസ വർദ്ധനവിന്നാണ് ഉപകരിക്കുന്നത്, കാരണം വിശ്വാസികൾക്ക് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പ്രയാസങ്ങൾ സഹിക്കേണ്ടിവരും എന്ന് അല്ലാഹു നേരത്തെ തന്നെ പറഞ്ഞിട്ടുള്ളതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു:

വിശുദ്ധഖുർആനിൽ നിന്നും വ്യക്തമായി മനസ്സിലാകുന്നത് വിശ്വാസപൂർത്തീകരണത്തിന് പരീക്ഷണം വരേണ്ടത് അനിവാര്യമാണെന്നാണ്, പറയുന്നു.

أَحَسِبَ النَّاسُ أَن يُتْرَكُوا أَن يَقُولُوا آمَنَّا وَهُمْ لَا يُفْتَنُونَ

ഞങ്ങൾ വിശ്വസിച്ചു എന്ന് പറഞ്ഞതുകൊണ്ട് മാത്രം ഒരു പരീക്ഷണത്തിലും അകപ്പെടാതെ ഇവരെ വിട്ടേച്ചുകളയും എന്നിവർ കരുതുന്നുണ്ടോ?" ചുരുക്കത്തിൽ പരീക്ഷണം അത്യന്താപേക്ഷിതമാണ്. ഈ പ്രസ്ഥാനത്തിൽ പ്രവേശിക്കുന്നവർ പരീക്ഷണത്തിൽ നിന്നും മുക്തരായിരിക്കില്ല. നമ്മുടെ സുഹൃത്തുക്കളിൽ ചിലർ ഒരു ഭാഗ ത്തും എന്നാൽ അവരുടെ പിതാവ് മറുഭാഗത്തുമായി കഴിയുന്നവരുണ്ട്. (അഹ്മദിയ്യത്ത് സ്വീകരിച്ചതിന്റെ ഫലമായി മാതാപിതാക്കളിൽ നിന്ന് അകന്നു കഴിയുന്നവരുണ്ട്.)

മറ്റൊരു സ്ഥലത്ത് അരുളുന്നു. "ശക്തമായ പരീക്ഷണം വരുമ്പോൾ മനുഷ്യൻ അല്ലാഹുവിന്നായി ക്ഷമകൈകൊള്ളുകയാണെങ്കിൽ ആ പരീക്ഷണങ്ങൾ അവരെ മലക്കുകളോളം ഉയർത്തുന്നതാണ്. പ്രവാചകന്മാർക്ക് വരുന്ന പരീക്ഷണങ്ങളാണ് അവരെ അല്ലാഹുവുമായി കൂടുതൽ അടുപ്പിക്കുന്നത്. പരീക്ഷയില്ലാതെ വിജയം സാധ്യമല്ല."

അല്ലാഹുവിന്റെ അനുഗ്രഹത്താൽ വിശ്വാസ വർദ്ധനവിന്ന് കാരണമായിത്തീരുന്ന ഈ ഉപദേശങ്ങളാണ് ഇന്നും അഹ്മദികൾ നെഞ്ചോട് ചേർത്തുപിടിച്ച് മുന്നേറുന്നത്. എതിർപ്പുകൾ നമ്മുടെ വിജയങ്ങൾക്കുള്ള വളമായി പ്രവർത്തിക്കുകയാണെന്ന സത്യം ഓരോ അഹ്മദിക്കും അറിയാവുന്നതാണ്. ബൽഗാറിയായിലെ നവ അഹ്മദികളെക്കുറിച്ച് കഴിഞ്ഞ ഖുത്ബയിൽ ഞാൻ പറഞ്ഞിരുന്നു. അതിൽ ചിലർ അടുത്ത് ബൈഅത്ത് ചെയ്ത വരും ചിലർ കുറച്ച് വർങ്ങൾക്ക് മുമ്പ് ബൈഅത്ത് ചെയ്തവരുമാണ്. ഗവൺമെന്റിൽ സ്വാധീനമുള്ള അവിടത്തെ മുസ്‌ലിം മുഫ്തിയുടെ ആവശ്യപ്രകാരം പോലീസ് അവരെ പിടിക്കുകയും അവരെ പോലീസ് സ്റ്റേഷനിൽ കൊണ്ടുപോവുകയും ചെയ്തു. അവർക്ക് ഞാനെന്റെ സലാം എത്തിക്കുകയും അവരുടെ സുഖവിവരം അന്വേഷിക്കുകയും ചെയ്തു. അവിടെയുള്ള മുറബ്ബി സാഹിബ് പറയുന്നു. ഞാൻ ഓരോരുത്തരേയും നേരിൽ കാണുകയും ഹുസൂറിന്റെ സന്ദേശം കേൾപ്പിക്കുയും ചെയ്തപ്പോൾ ഓരോരുത്തരും പറഞ്ഞത് അല്ലാഹുവിന്റെ ഫള്ല് കൊണ്ട് ഞങ്ങൾ വിശ്വാസത്തിൽ ഉറച്ചു നിൽക്കുന്നു എന്നാണ്. ഇതൊന്നും ഒരു പ്രശ്നമല്ല. അവരിൽ ചിലർ വൈകാരികമായി കരയാൻ തുടങ്ങി. എന്നിട്ട് എനിക്ക് സന്ദേശം അയച്ചു. താങ്കൾ ഞങ്ങളെയോർത്ത് വ്യസനിക്കരുത്. ജമാഅത്തിന് വേണ്ടി ഏത് പ്രയാസവും നേരിടാൻ ഞങ്ങൾ തയ്യാറാണ്. ഞങ്ങൾക്ക് വേണ്ടി ദുആ ചെയ്തുകൊണ്ടിരുന്നാലും.

ലോകർ ചോദിക്കാറുള്ളത് ഹദ്റത്ത് മസീഹ് മൗഊദ് (അ) ലോകത്ത് എന്ത് വിപ്ലവമാണ് ഉണ്ടാക്കിയത് എന്നാണ്. ത്യാഗത്തിന്റെ ആത്മാവിനെയും വിശുദ്ധഖുർആന്റെ അദ്ധ്യാപനത്തേയും അഹ്മദിയ്യത്ത് സ്വീകരിച്ചതിനുശേഷം യഥാർത്ഥ അർത്ഥത്തിൽ ഉൾകൊണ്ടിരിക്കുന്നു എന്നത് തന്നെയല്ലെ വിപ്ലവം! അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കേണമെന്നുണ്ടെങ്കിൽ പരീക്ഷണങ്ങളെ അതിജീവിക്കേണ്ടതായിവരും എന്ന യാഥാർത്ഥ്യം അവർ അറിഞ്ഞുകഴിഞ്ഞിരിക്കുന്നു. ഇങ്ങിനെയുള്ള എതിർപ്പുകൾ യൂറോപ്പിൽ താമസിക്കുന്നവർക്ക് ഒരിക്കലും ചിന്തിക്കാൻ പോലും കഴിയാത്തതാണ്. കമ്മ്യൂണിസത്തിന്റെ സ്വാധീന വലയത്തിൽ ഒരു ദീർഘകാലം കഴിച്ചുകൂട്ടിയ ഇവർക്ക് ഇപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) നോടും ഖിലാഫത്തിനോടും പ്രത്യേക ബന്ധം ഉണ്ടായിരിക്കുന്നു. ഇതെല്ലാം അല്ലാഹുവിന്റെ പ്രത്യേക ഫള്ല് മുഖേനയേ ലഭിക്കുകയുള്ളൂ. തിരുനബി (സ) ന്റെ പ്രിയദാസന്റെ ജമാഅത്തിൽ പ്രവേശിച്ചതുകൊണ്ടാണ് ഈ അനുഗ്രഹം അല്ലാഹു അഹ്മദികളിൽ ചൊരിഞ്ഞുകൊണ്ടിരിക്കുന്നത്.

ഇതേപോലെ ഇന്ത്യയിലുള്ള ജമാഅത്തിലെ നവാഗതർക്കും ശക്തമായ എതിർപ്പുകൾ ഇക്കാലത്ത് സഹിക്കേണ്ടിവരുന്നുണ്ട്. മുല്ലാക്കൾ തന്നെയാണ് ഈ എതിർപ്പുകൾ അവിടെയും ചെയ്തുകൊണ്ടിരിക്കുന്നത്. മുല്ലാക്കൾ പറയുന്നത് കേട്ട് അവിടത്തെ മുസ്‌ലിംകൾ ഇതെല്ലാം ചെയ്യുന്നു. അവിടെ അടുത്ത് തന്നെ തെരഞ്ഞെടുപ്പ് നടക്കാൻ പോകുന്നതിനാൽ, മുസ്‌ലിം വോട്ടുകൾ ആവശ്യമുള്ളതുകൊണ്ട് ഗവൺമെന്റ് ഇതിന്നെതിരിൽ ഇപ്പോൾ ശക്തമായി നടപടികൾ കൈകൊള്ളാൻ തയ്യാറാകുന്നില്ല. ഇവിടെ അഹ്മദികൾ വലിയൊരു ശക്തിയൊന്നുമല്ല. എന്നിരുന്നാലും ഈ അക്രമികളും, അക്രമം നടക്കുമ്പോൾ അത് കണ്ടില്ലെന്ന് നടിക്കുന്നവരും ഓർത്തിരിക്കേണ്ടത് അഹ്മദിയ്യാ ജമാഅത്തിന്റെ കൂടെ ഭൗതികശക്തി ഇല്ലെങ്കിലും ദൈവം അഹ്മദിയ്യാ ജമാഅത്തിനൊപ്പമുണ്ട് എന്നാണ്. അവനാണ് ഞങ്ങളുടെ സുഹൃത്ത്. അവൻ

ഞങ്ങളെ സഹായിക്കാനായി വരുമ്പോൾ എല്ലാത്തിനേയും ധൂളി ച്ചുകളയുന്നതാണ്. അവന്റെ വിധി നടപ്പിൽ വന്നുകഴിഞ്ഞാൽ ഒന്നും തന്നെ അവശേഷിക്കുന്നതല്ല.

അതുകൊണ്ട് ഇന്ത്യയിലെ അഹ്മദികളും സഹനവും ധൈര്യ വും സ്വായത്തമാക്കുക. പ്രാർത്ഥനയിൽ കൂടുതൽ ശക്തരാകു ക. മുമ്പത്തെക്കാളുപരി നാഥനുമായി ബന്ധം സ്ഥാപിക്കുക. ഇന്ന് പാക്കിസ്ഥാനിലും അഹ്മദിയ്യാവിരുദ്ധ പ്രവർത്തനങ്ങൾ അതിന്റെ ഉച്ഛിയിൽ എത്തിയിരിക്കുകയാണ്. ഗവൺമെന്റിന്റെ യും മുല്ലാ ക്കളുടെയും പ്രവർത്തനങ്ങൾ കാണുമ്പോൾ അത്ഭു തം തോന്നി പ്പോകും. ഏഷ്യൻ ഉപഭൂഖണ്ഡത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ആഗമനത്തിനുശേഷം മുല്ലാക്കൾ സ്വയം ചെയ്യുകയും മറ്റുള്ളവരോടും അന്യരോടും ചെയ്യിപ്പിക്കുകയും ചെയ്ത എതിർ പ്പുകൾക്കും കുത്സിത ശ്രമങ്ങൾക്കും ശേഷം ഈ പ്രസ്ഥാനം ആദ്യ ത്തെക്കാളുപരി വളരുകയല്ലാതെ ഒരിക്കലും തളർന്നിട്ടില്ല. ഇതെ ല്ലാം കണ്ടിട്ടും ഈ ജമാഅത്ത് ഏതെങ്കിലും ഒരു വ്യക്തിയുടെ കയ്യാൽ നടപ്പെട്ട ചെടിയല്ല എന്നും അല്ലാഹു സ്ഥാപിച്ചിരിക്കു ന്നതാണെന്നും അവർക്ക് ഇതേവരെ മനസ്സിലാക്കാൻ സാധിച്ചിട്ടി ല്ല. ഈ ജമാഅത്ത് അല്ലാഹുവിന്റെ അടയാളങ്ങളിൽ പെട്ട ഒരട യാളമാണ്. കാരണം ഇതു മുഖേന ഒരു മഹത്തായ പ്രവചനമാണ് പുലർന്നിരിക്കുന്നത്. അതിനാൽ എനിക്ക് ഇവരോട് പറയാനു ള്ളത് ചിന്തിക്കുക, അല്ലാഹുവിനെ നേരിടുന്നതിൽനിന്നും വിട്ടു നിൽക്കുക എന്നാണ്. അല്ലാഹുവിന്റെ മുമ്പിൽ കുമ്പിട്ടുകൊണ്ട് തൗബയും ഇസ്തിഗ്ഫാറും ചെയ്തുകൊണ്ടിരിക്കുക. അല്ലാഹു അയച്ച വ്യക്തിയുടെ സഹായിയായിത്തീരുക. എന്നാൽ ഇവരുടെ കണ്ണുകളിലും ഹൃദയത്തിലും മറവീണിരിക്കുകയാണ്. ഇവർ അല്ലാ ഹുവിന്റെ പേരിൽ അല്ലാഹുവിന്റെ ദാസരോട് അക്രമം ചെയ്യുക യാണ്. എന്നാൽ അല്ലാഹുവിന്റെ ദാസർ മർദ്ദിക്കപ്പെടുമ്പോൾ മർദ്ദനം അതിരുകടന്നുകഴിഞ്ഞാൽ അവർ - *മത്താ നസ്റുല്ലാഹ്* - അല്ലാഹുവിന്റെ സഹായം ഇനി എപ്പോൾ - എന്ന ശബ്ദം ഉയർത്തുകയും ആ സമയത്ത് അല്ലാഹു - *ഇന്ന നസ്റല്ലാഹി ഖരീബ്* - അല്ലാഹുവിന്റെ സഹായം ഇതാ അടുത്ത് തന്നെയാണ് എന്ന വാക്കിലൂടെ മറുപടി നൽകുകയും ചെയ്യുന്നു എന്ന കാര്യം ഇവർ മറന്നുപോയിരിക്കുകയാണ്.

ചുരുക്കത്തിൽ അഹ്മദികൾക്കെതിരിൽ ചെയ്തുകൊണ്ടിരി ക്കുന്ന ഈ മർദ്ദനങ്ങളെല്ലാം തന്നെ എല്ലായിടത്തും അഹ്മദികളെ അല്ലാഹുവിന്റെ സാമീപ്യം നൽകി അനുഗ്രഹിച്ചുകൊണ്ടിരിക്കു കയാണ്. ഇന്ത്യ-പാക്ക് വിഭജനത്തിന് ശേഷം ഉപദ്രവകാരികളായ മുല്ലാക്കളിൽ ഭൂരിഭാഗവും പാക്കിസ്ഥാനിൽ വരികയുണ്ടായി. ഇവിടെ നിത്യവും അഹ്മദിയ്യാ ജമാഅത്തിന്നെതിരിലും മറ്റുമുള്ള വാർത്തകൾ നാം കേട്ടുകൊണ്ടിരിക്കുന്നു. അരാജകത്ത്വത്തിന്റെ ശക്തമായ കൊടുങ്കാറ്റ് നാട്ടിലെല്ലായിടത്തും ഇപ്പോൾ ആഞ്ഞടി ച്ചുകൊണ്ടിരിക്കുകയാണ്. ജമാഅത്തിനെതിരെയുള്ള ക്രൂരവിനോ ദങ്ങൾ ഒരു തുടർകഥയാണ്. ഇവർ നാടിന് ദുഷ്പേർ നേടിക്കൊ ടുത്തിരിക്കുകയാണ്. രാജ്യത്തിന്റെ രക്ഷകരാണെന്ന് വീമ്പിള ക്കുന്ന ഇവർ അഹ്മദികളോട് പറയുന്നത് നിങ്ങൾക്ക് മൂന്ന് മാർഗ്ഗ ങ്ങളിൽ ഏതെങ്കിലും ഒന്ന് സ്വീകരിക്കുക എന്നതാണ്. ഒന്ന്, നിങ്ങൾ അഹ്മദിയ്യത്തിനെ ഉപേക്ഷിക്കുക. രണ്ട്, അല്ലെങ്കിൽ ഈ നാട് ഉപേക്ഷിക്കുക. ഇതുമല്ലെങ്കിൽ നിങ്ങളുടെ ജീവൻ വെടി യാൻ തയ്യാറായിരിക്കുക. എന്നാൽ ഇതെല്ലാം ഇസ്ലാമിന്റെ പേരി ലും റഹ്മത്തുൽ ലിൽ ആലമീന്റെ പേരിലും ആണ് ചെയ്യുന്നത് എന്നതാണ് തീരെ സഹിക്കാൻ പറ്റാത്ത അന്യായം. അവർ പറയു ന്നതോ, തിരുനബി (സ) ന്റെ ഖാത്തമുന്നുബുവ്വത്തിനെ സംരക്ഷി ക്കാൻ വേണ്ടിയാണ് ഞങ്ങളിതെല്ലാം ചെയ്യുന്നത് എന്നുമാണ്. മത രോഷം കൊണ്ടാണ് തങ്ങളിതെല്ലാം ചെയ്യുന്നത് എന്നുമാണ് അവ രുടെ ഭാഷ്യം. ഇസ്ലാമിന്റെ പേരിൽ നേടിയെടുത്ത ഈ നാട്ടി ലാണ് നാം മതരോഷം പ്രകടിപ്പിക്കേണ്ടത് എന്നും അവർ പറയു ന്നു. എന്താണ് ഇവരുടെ മതരോഷം. ദൈവത്തിന്റെ പേരിൽ ദൈവ ദാസരെ വധിക്കുക എന്നതോ?

ഒന്നാമത്തെ കാര്യം ലോകത്തുള്ള അഹ്മദികൾ തിരുനബി (സ) ക്ക് വേണ്ടി പ്രകടിപ്പിക്കുന്ന മതരോഷത്തിന്റെ സമീപത്ത് പോലും എത്താൻ ഇവർക്ക് സാധിക്കില്ല എന്നതാണ്. ഇസ്ലാമിന്റെ സന്ദേ ശം ലോകത്തിന്റെ കോണുകളോളം എത്തിക്കുന്നതിനായി അഹ്മ ദികൾ ചെയ്തുകൊണ്ടിരിക്കുന്ന മഹത്തായ ത്യാഗത്തിന്റെ കോടി യിൽ ഒരംശം പോലും ഇവർ ചെയ്യുന്നില്ല. പല മുസ്ലിം രാഷ്ട്ര ങ്ങളുടെ കയ്യിലും പെട്രോൾ ഡോളറുകളുണ്ടെങ്കിലും അവർ ഇതി നൊന്നും പണം ചെലവഴിക്കാതെ ഈ മുല്ലാക്കളെയാണ് അവർ സഹായിക്കുന്നത്. സ്വന്തം ആവശ്യത്തിനായും തങ്ങളുടെ ഖജനാ വുകൾ നിറക്കാനും ഭീകരപ്രവർത്തനങ്ങൾ നടത്താനും അക്രമ പ്രവർത്തനങ്ങൾക്കായും ഈ പണം ഉപയോഗിക്കുന്നു. എന്നാൽ ഇസ്ലാമിന്റെ പ്രചാരണ പ്രവർത്തനങ്ങൾ ഇവരുടെ ഭാഗത്ത് നിന്ന് ഉണ്ടാകുന്നില്ല. പാക്കിസ്ഥാന് വേണ്ടി വലിയ സേവനങ്ങൾ ചെയ്തു എന്ന് ഇന്ന് പറയുന്ന ഈ മൗലവിമാർ പാക്കിസ്ഥാൻ ഉണ്ടാ ക്കുന്നതിന് വേണ്ടി അഹ്മദികൾ ചെയ്ത (ആ സേവനം മാന്യന്മാർ അംഗീകരിക്കുകയും ചെയ്തതാണ്) സേവനങ്ങൾ മറന്നുപോക രുത്. ഇന്ന് നിങ്ങൾ പറയുന്നത് അഹ്മദികൾ അവരുടെ വിശ്വാ സവും വെച്ച് ഈ നാട്ടിൽ ജീവിക്കാൻ പാടില്ല എന്നാണ്. എന്നാൽ പാക്കിസ്ഥാൻ സ്ഥാപനസമയത്ത് നിങ്ങൾ പാക്കിസ്ഥാൻ ഉണ്ടാക്കു ന്നതിനെ പോലും എതിർത്തവരായിരുന്നു. അഹ്മദിയ്യാ ജമാഅത്ത് മുസ്ലിംകളുടെ അവകാശ സംരക്ഷണത്തിനായി ചെയ്ത സേവ നങ്ങൾ അന്വർ ഏറ്റു പറഞ്ഞത് ഞാൻ കേൾപ്പിക്കാം. മാർച്ച് 23 പാക്കിസ്ഥാൻ ദിനമായും ആചരിക്കപ്പെടാറുള്ളതുകൊണ്ടാണ് ഈ വിഷയവും കൂടെ വന്നത്. മൗലവിമാരുടെ കൂടെ നടക്കുന്നവർക്ക് പാക്കിസ്ഥാനിന്റെ ചരിത്രം പോലും അറിയില്ല. പാക്കിസ്ഥാന് വേണ്ടി അഹ്മദികൾ എന്തെല്ലാമാണ് ചെയ്തത് എന്നറിയുന്നതി ന്നാണ് ഇതിവിടെ വിവരിക്കുന്നത്.

ഇന്ത്യൻ മുസ്ലിംകൾക്ക് വേണ്ടിയും പാക്കിസ്ഥാന് വേണ്ടിയും അഹ്മദികൾ ചെയ്ത സേവനം ഇവിടെ വിവരിക്കുന്നു,. പ്രസിദ്ധ എഴുത്തുകാരനും സാഹിത്യകാരനുമായ മൗലവി മുഹമ്മദലി ജൗഹർ സാഹിബ് അദ്ദേഹത്തിന്റെ പത്രം ഹംദർദ് (26 സെപ്തം ബർ 1927) ൽ എഴുതുന്നു:

വിശ്വാസവൈപരീത്യം നിലനിൽക്കെത്തന്നെ തങ്ങളുടെ എല്ലാ ശ്രദ്ധയും മുസ്ലീംകളുടെ ഉന്നമനത്തിന്നായി പൂർണ്ണമായും സമർപ്പണം ചെയ്ത ഹദ്റത്ത് മിർസാ ബശീറുദ്ദീൻ സാഹിബി നേയും അദ്ദേഹത്തിന്റെ സുസംഘടിതമായ ജമാഅത്തിനേയും കുറിച്ച് ഈ വരികളിൽ പരാമർശിക്കുന്നില്ലെങ്കിൽ തീർച്ചയായും അത് നന്ദികേടായിപോകുന്നതാണ്. ഇസ്ലാമിക പ്രസ്ഥാനമായ ഈ സംഘടിത ജമാഅത്ത്, ഭൂരിപക്ഷം ജനങ്ങൾക്ക് പൊതുവിലും, ബിസ്മില്ലായുടെ ഗോപുരത്തിലുരുന്ന് ഇസ്ലാ മിക സേവനങ്ങ ളാണ് ഞങ്ങൾ ചെയ്യുന്നതെന്ന് ഉച്ചൈസ്ഥരം ഉൽ ഘോഷിക്കു കയും എന്നാൽ അകം കാലിയുമായവർക്ക് പ്രത്യേകിച്ചും ഇത് ഒരു വഴികാട്ടിയായിത്തീരുന്ന ആ കാലം വളരെ വിദൂരമല്ല.

അബ്ദുൽ മുജീബ് ഖാലിദ് സാഹിബ്, (മുസ്ലിംകളുടെ

പ്രസിദ്ധ നേതാവാണിദ്ദേഹം) ഇൻഖ്വിലാബ് എന്ന പത്രത്തിൽ എഴുതുന്നു. മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഈ പ്രസ്താവനയിലൂടെ (അന്ന് മുസ്‌ലിംകളുടെ അവസ്ഥയെകുറിച്ചും മറ്റും ഒരു പ്രസ്താവന നടത്തിയിരുന്നു) വലിയ സേവനമാണ് ചെയ്തിരിക്കുന്നത്. വലിയ വലിയ ജമാഅത്തുകൾ ചെയ്യേണ്ട പ്രവർത്തനമാണ് മിർസാ സാഹിബ് സ്വയം ചെയ്തിരിക്കുന്നത്.

പാക്കിസ്ഥാൻ ഉണ്ടാക്കാൻ ഖാഇദെ അഅ്സമാണ് കൂടുതൽ പ്രവർത്തിച്ചത് എന്ന കാര്യം എല്ലാവർക്കും അറിയാവുന്നതാണ്. അദ്ദേഹം ഒരിക്കൽ നിരാശനായി ഇന്ത്യവിട്ട് ഇംഗ്ലണ്ടിൽ വന്ന് താമസം തുടങ്ങി. അദ്ദേഹം ഇത് സംബന്ധമായി സ്വയം എഴുതുന്നു. ഇന്ത്യക്ക് വേണ്ടി ഇനി എനിക്ക് ഒന്നും ചെയ്യാൻ സാധ്യമല്ലെന്ന് ഞാൻ മനസ്സിലാക്കുന്നു. ഹിന്ദുക്കളുടെ ചിന്താധാരയിൽ പ്രത്യേക മാറ്റം വരുത്താനോ മുസ്‌ലിംകളുടെ കണ്ണുതുറപ്പിക്കാ നോ എനിക്ക് കഴിയില്ല, അതുകൊണ്ട് ലണ്ടനിൽ തന്നെ ശിഷ്ടകാലം പൂർത്തിയാക്കാം എന്ന് ഞാൻ തീരുമാനിച്ചു.

അദ്ദേഹത്തിന്റെ ഈ നിലപാട് മുസ്‌ലിംകൾക്ക് ശക്തമായ ഒരു പ്രഹരമായിരുന്നു. ഇതിൽ ഏറ്റവും കൂടുതൽ സഹതാപം ഉണ്ടായിരുന്നത് ഖലീഫത്തുൽ മസീഹ് സാനി (റ) ന്നായിരുന്നു. അദ്ദേഹത്തെ തിരിച്ചുകൊണ്ടുവരാൻ ഖലീഫത്തുൽ മസീഹ് സാനി വളരെയധികം പ്രയത്നിച്ചു. ഇവിടെ ലണ്ടനിൽ അന്ന് ഇമാമായിരുന്ന മൗലാന അബ്ദുർറഹീം ദർദ് സാഹിബ് മുഖേന ഖാഇദെ അഅ്സമിനോട് സമ്മർദ്ദം ചെലുത്തുകയും അങ്ങനെ അദ്ദേഹത്തെ വീണ്ടും ഇന്ത്യൻ രാഷ്ട്രീയത്തിൽ തിരിച്ചുവരാൻ പ്രേരിപ്പിക്കുകയും ചെയ്തു. കുറേ പ്രയത്നത്തിനുശേഷമാണ് ഖാഇദെ അഅ്സം ഇതിന്നായി സമ്മതം മൂളിയത്.

ഖാഇദെ അഅ്സം ഇക്കാര്യം പറയുന്നുണ്ട്. ഇമാം സാഹിബിന്റെ ശക്തമായ സമ്മർദ്ദം കാരണം എനിക്ക് മറ്റൊരു വഴിക്കും ഓടിപ്പോകാൻ കഴിഞ്ഞില്ല.

ഈൻശീൻ സാഹിബ് എന്ന ചരിത്രകാരൻ ഇതു സംബന്ധമായി എഴുതുന്നു. മിസ്റ്റർ ലിയാഖത്ത് അലിഖാനും മൗലാന അബ്ദുർറഹീം ദർദ് ഇമാം ലണ്ടനുമാണ് മിസ്റ്റർ മുഹമ്മദലി ജിന്നാ സാഹിബിനെ അദ്ദേഹത്തിന്റെ തീരുമാനം മാറ്റാനും തിരിച്ച് നാട്ടിൽ ചെന്ന് അവിടെ രാഷ്ട്രീയ രംഗത്ത് തന്റെ വ്യക്തിത്വം സ്ഥാപിക്കാനും പ്രേരണ നൽകിയത്. ഇതിന്റെ ഫലമായി 1934ൽ ജിന്ന ഇന്ത്യയിലേക്ക് തിരിച്ചുവന്നു. കേന്ദ്ര അസംബ്ലി തെരഞ്ഞെടുപ്പിൽ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. 1953 ലെ അന്വേഷണകോടതിയുടെ പ്രസിഡന്റായിരുന്ന ജസ്റ്റിസ് മുനീർ എഴുതുന്നു. അഹ്മദികൾക്കെതിരിൽ ശത്രുതാപരവും അടിസ്ഥാനരഹിതവുമായ ഒരാക്ഷേപം ഉന്നയിക്കപ്പെട്ടിരിക്കുന്നു. അതായത് ബൗണ്ടറി കമ്മീഷ്യൻ ഗുരുദാസ്പൂർ ജില്ലയെ ഇന്ത്യയിൽ ഉൾപ്പെടുത്താനുള്ള കാരണം അഹ്മദികൾ ഒരു പ്രത്യേക രീതി സ്വീകരിച്ചത് കൊണ്ടാണെന്നും ഖാഇദെ അഅ്സം മുസ്‌ലിം ലീഗിന്റെ കേസുകൾ കമ്മീഷന് മുമ്പാകെ സമർപ്പിക്കാൻ നിയോഗിച്ച ചൗധരി സഫറുല്ലാഹ് ഖാൻ സാഹിബ് പ്രത്യേക രീതിയിലുള്ള തെളിവുകൾ സമർപ്പിച്ചതുകൊണ്ടുമാണെന്ന് പറയപ്പെടുന്നു. എന്നാൽ കമ്മീഷന്റെ മെമ്പർ കൂടിയായിരുന്ന ഈ കോടതി യുടെ പ്രസിഡന്റ് ചൗധരി സഫറുല്ലാഖാൻ സാഹിബ് ഗുരുദാസ് പൂറിന്റെ കാര്യത്തിന്നുവേണ്ടി ചെയ്തിരുന്ന ധീരമായ പ്രവർത്തനങ്ങളെ ഇവിടെ നന്ദിയോടുകൂടി സ്മരിക്കുകയാണ്. (ജസ്റ്റിസ് മുനീർ ആ കമ്മീഷന്റെ മെമ്പർ കൂടിയായിരുന്നു.) ഈ യാഥാർത്ഥ്യം ബൗണ്ടറി കമ്മീഷന്റെ റിക്കാർഡിൽനിന്നും വളരെ വ്യക്തമായി മനസ്സിലാകുന്നതാണ്. ഇതറിയാൻ താൽപര്യമുള്ളവർക്ക് ആ റിക്കാർഡുകൾ പരിശോധിക്കാവുന്നതാണ്. ചൗധരി സഫറുല്ലാഖാൻ സാഹിബ് മുസ്‌ലിംകൾക്കായി നിർലോഭ സേവനങ്ങളാണ് ചെയ്തിട്ടുള്ളത്. ഇതെല്ലാമായിരുന്നിട്ടുകൂടി ഈ അന്വേഷണകോടതിയുടെ മുമ്പാകെ അദ്ദേഹത്തെ സംബന്ധിച്ച് പരാമർശിച്ച രീതി ലജ്ജാകരവും നന്ദികേടിന്റെ പ്രത്യക്ഷോദാഹരണവുമാണ്.

ചൗധരി സഫറുല്ലാഖാൻ സാഹിബ് ചെയ്തിരിക്കുന്ന സേവനങ്ങൾ ഓർക്കാതെ അനഹ്മദികൾ അന്വേഷണക്കോടതിക്ക് മുമ്പാകെ നൽകിയിരിക്കുന്ന മൊഴികൾ ലജ്ജാകരമായിരുന്നു.

ചുരുക്കത്തിൽ പാക്കിസ്ഥാൻ എന്ന പേരിൽ പുതിയൊരു രാഷ്ട്രം രൂപം കൊണ്ടു, അതിനുവേണ്ടി ഖലീഫത്തുൽ മസീഹ് സാനിയും അദ്ദേഹത്തിന്റെനിർദ്ദേശപ്രകാരം ജമാഅത്തംഗങ്ങളും ചെയ്ത പ്രയത്നങ്ങളുടെ ചില ഉദാഹരണങ്ങളാണ് ഞാൻ നിങ്ങളുടെ മുമ്പാകെ വെച്ചത്. അഹ്മദിയ്യാ ഖിലാഫത്ത് അഹ്മദികളുടെ ആത്മീയവും ഭൗതികവുമായ ഉന്നമനത്തിന്നായി പ്രയത്നിക്കുന്നതോടൊപ്പം മുസ്‌ലിം സമുദായത്തിനുവേണ്ടിയും സമയാ സമയങ്ങളിൽ സേവനം ചെയ്തുകൊണ്ടിരുന്നിട്ടുണ്ടെന്ന് ചരിത്രം സാക്ഷി പറയുന്നതാണ്. കശ്മീരികളുടെ സ്വാതന്ത്ര്യത്തിന്റെ പ്രശ്നമാണെങ്കിലും പലസ്തീൻ സ്വാതന്ത്ര്യത്തിന്റെ പ്രശ്നമാണെങ്കിലും പാക്കിസ്ഥാനിലേയും ഇന്ത്യയിലേയും മുസ്‌ലിംകളുടെ പ്രശ്ന പരിഹാരങ്ങൾക്കാണെങ്കിലും മുസ്‌ലിംകളുടെ അവകാശ സംരക്ഷണത്തിന്നായി മുൻനിരയിൽ നിന്ന് പോരാടിയത് എന്നും അഹ്മദിയ്യാ ജമാഅത്താണെന്ന് അഹ്മദിയ്യാ ചരിത്രം വിളിച്ചു പറയുന്നതാണ്. എന്നാൽ തങ്ങൾ കാരണമാണ് പാക്കിസ്ഥാൻ നിലവിൽ വന്നതെന്ന് ഇന്ന് കൊട്ടിഘോഷിക്കുന്ന മുല്ലാക്കളുടെ അവസ്ഥ എന്തായിരുന്നു എന്ന് നോക്കൂ. ഇതും അന്വേഷണ കോടതിയുടെ റിപ്പോർട്ടാണ്. അഹ്റാരീ ലീഡറായിരുന്ന അതാഉല്ലാഹ് സാഹിബ് ബുഖാരിയെക്കുറിച്ച് എഴുതുന്നു. പാക്കിസ്ഥാന്റെ **'പ'** എന്ന അക്ഷരം പോലും ഉണ്ടാക്കാൻ കരുത്തുള്ള ഒരു മകനെയും ഒരു മാതാവും ഇതേവരെ ജന്മം നൽകിയിട്ടില്ല. (എന്നിട്ടല്ലെ പാക്കിസ്ഥാൻ ഉണ്ടാകുന്നത്.) ഇന്ത്യാ- പാക്ക് വിഭജനകാലത്ത് അതാഉല്ലാഹ് സാഹിബ് ബുഖാരി ലാഹോറിൽ നടത്തിയ പ്രസംഗത്തിൽ അദ്ദേഹം പറയുന്നു. പാക്കിസ്ഥാൻ ഒരു വേശ്യയാണ്. അതിനെ അഹ്റാരികൾ നിർബന്ധിത സാഹചര്യത്തിൽ സ്വീകരിച്ചുവെന്നേ ഉള്ളൂ. (ഇന്നാലില്ലാഹ്) അതാഉല്ലാഹ് ശാ ബുഖാരിയുടെ ഒരു പ്രസ്താവന: മുസ്‌ലീം ലീഗിന് വോട്ട് നൽകുന്നവർ പന്നികളാണ്. പന്നിമാംസം ഭക്ഷിക്കുന്നവരാണ്. അന്വേഷണക്കോടതി എഴുതുന്നു. മജ്‌ലിസെ അഹ്റാറിന്റെ മജ്‌ലിസെ ആമിലയോഗം 1940 മാർച്ച് ഒന്നിന് ഡൽഹിയിൽ ചേർന്നു. അതിൽ ഒരു പ്രമേയം പാസാക്കുകയും ചെയ്തു. ആ പ്രമേയത്തിൽ പാക്കിസ്ഥാൻ എന്ന ആശയം തന്നെ ശരിയല്ലെന്നും തുടർന്നുള്ള പ്രസംഗങ്ങളിൽ ചില നേതാക്കന്മാർ പാക്കിസ്ഥാനിനെ പലീദിസ്ഥാൻ എന്ന് പോലും പറയുകയും ചെയ്തു. (പാക്കിസ്ഥാൻ - പരിശുദ്ധസ്ഥലം, പലീദിസ്ഥാൻ - വൃത്തികെട്ടസ്ഥലം). തുടർന്നു എഴുതുന്നു. മുസ്‌ലിംലീഗിന്റെ പാക്കിസ്ഥാൻ എന്ന ആശയത്തെ ജമാഅത്തെ ഇസ്‌ലാമി പരസ്യമായി എതിർ ത്തിരുന്നു. പാക്കിസ്ഥാൻ രൂപീകൃതമായതുമുതൽ അവർ പാക്കിസ്ഥാനെ നാപാക്കിസ്ഥാൻ -(പാക്കിസ്ഥാൻ അല്ല) എന്ന പേരിലാണ് വിളിച്ചിരുന്നത്. ഈ ജമാഅത്ത് ഇന്നുള്ള ഗവൺമെന്റിനെയും അതിന്റെ ഭരണകർത്താക്കളെയും എതിർക്കുകയാണ്. നമ്മുടെ മുമ്പാകെ സമർപ്പിക്കപ്പെട്ട ജമാഅത്തിന്റെ രേഖകൾ ഒന്നിലും തന്നെ പാക്കിസ്ഥാൻ വേണമെന്ന ആവശ്യം ഉന്നയിക്ക

പ്പെടുന്ന വിദൂരസൂചനപോലും നൽകുന്ന ഒരു രേഖയും ഇല്ല. എന്നാൽ പാക്കിസ്ഥാന് വിരുദ്ധമായിട്ടുള്ള പ്രസ്താവനകളാണ് ഇതിലെല്ലാം അടങ്ങിയിട്ടുള്ളത്.

മൗദൂദി സാഹിബ് പറയുന്നു: മുസ്ലിംകൾ കൂടുതലുള്ള പ്രദേശത്ത് നിന്ന് ഹിന്ദുക്കൾ ഒഴിഞ്ഞുപോകണമെന്നും അങ്ങനെ അവിടെ ജനാധിപത്യഭരണം സ്ഥാപിക്കപ്പെടണമെന്നും അതുമുഖേന ഹുകൂമത്തെ ഇലാഹി സ്ഥാപിതമാകുമെന്നും ആഗ്രഹിക്കുന്നവർ തെറ്റിദ്ധാരണയിൽ അകപ്പെട്ടിരിക്കുകയാണ്. ഇതുമുഖേന ലഭിക്കുന്നത് മുസ്ലിംകളുടെ അമുസ്ലിം ഭരണകൂടമായിരിക്കും. അതിനെ ഹുകൂമത്തെ ഇലാഹി എന്ന് വെക്കുന്നത് ഈ പരിശുദ്ധ നാമത്തെ അവഹേളിക്കലാണ്.

എന്നാൽ ഇന്ന് ഈ അമുസ്ലിം ഭരണം പിടിച്ചുപറ്റാനാണ് ഇവരെല്ലാം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഈ പ്രസ്താവനകളിൽ നിന്നും ജസ്റ്റിസ് മുനീറിന്റെ റിപ്പോർട്ടുകളിൽ നിന്നും പാക്കിസ്ഥാൻ സ്ഥാപനത്തിൽ ഈ മുല്ലാക്കളുടെ പങ്ക് എന്തായിരുന്നുവെന്ന് വ്യക്തമാണ്. പാക്കിസ്ഥാന്റെ എല്ലാമെല്ലാം തങ്ങളാണ് എന്നാണിവർ ഇന്ന് വാദിക്കുന്നത്. വരുന്ന ഗവൺമെന്റുകളെല്ലാം തന്നെ മുല്ലാക്കൾ വലിയ ശക്തിയാണെന്ന് കരുതി അവരുമായി സഖ്യമുണ്ടാക്കാനാണ് ശ്രമിക്കുന്നത്. മുല്ലാക്കളുടെ അജണ്ടയിൽ പ്രഥമസ്ഥാനത്തുള്ളത് അഹ്മദികൾക്കെതിരിൽ എന്ത് ചെയ്യാൻ സാധിക്കും അതെല്ലാം ചെയ്യുക എന്നതാണ്. 1953ൽ കുഴപ്പങ്ങളുണ്ടാക്കി. അന്ന് നീതിനിഷ്ഠയുള്ള ചിലർ ഉണ്ടായിരുന്നു. അതുകൊണ്ട് മൗലവിമാരുടെ ആഗ്രഹങ്ങൾ സാധിച്ചില്ല. എന്നാൽ 1974ൽ അന്നുള്ള ഗവൺമെന്റ് ഇസ്ലാമിന്റെ പേരിൽ മൗലവിമാരുടെ കൂടെക്കൂടി അഹ്മദികളോട് കാണിച്ച അക്രമപ്രവർത്തനങ്ങളെക്കുറിച്ച് വരുംകാല ചരിത്രകാരന്മാർ പാക്കിസ്ഥാന്റെ ഒരു കറുത്ത അദ്ധ്യായമായി എഴുതിച്ചേർക്കുന്നതാണ്. 1984ൽ 74ൽ ഉണ്ടാക്കിയ കരിനിയമത്തിൽ മാറ്റങ്ങൾ വരുത്തിക്കൊണ്ട് അന്നത്തെ ക്രൂരനായ ഭരണാധികാരി അത് അസംബ്ലിയിൽ പാസ്സാക്കുകയുണ്ടായി. അഹ്മദിയ്യത്തിനെ നശിപ്പിക്കുന്നതിനായി ആ നിയമത്തെ അതിക്രൂരമാക്കുകയാണ് ചെയ്തത്. അഹ്മദിയ്യത്താകുന്ന ഈ ക്യാൻസറിനെ ഞാൻ അവസാനിപ്പിക്കുന്നതാണെന്ന് വീരവാദം മുഴക്കുകയും ചെയ്തു. എന്നിട്ടെന്തുണ്ടായി? അഹ്മദിയ്യത്ത് വിജയത്തിനുമേൽ വിജയം കൈവരിച്ചുകൊണ്ട്മുന്നേറുകയാണ്. എന്നാൽ അവരെവിടെപ്പോയെന്ന് അറിയില്ല. അതുമല്ലെങ്കിൽ അല്ലാഹുവിന്റെ ശിക്ഷയുടെ ചക്കിലിട്ട് ഇപ്പോൾ അവർ ആട്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ എല്ലാ മർദ്ദനങ്ങളും ഉണ്ടായിട്ടുകൂടി ഖിലാഫത്തിന്റെ ബർക്കത്ത് കൊണ്ടും ഒരു കയ്യിൽ ഒരുമിച്ച് കൂടിയതുകൊണ്ടും അല്ലാഹുവിന്റെ സഹായത്താൽ എല്ലാ പരീക്ഷണഘട്ടങ്ങളിൽ നിന്നും അവൻ ജമാഅത്തിനെ കരകയറ്റുകയുണ്ടായി. സഹനത്തിന്റെ ഉത്തമ മാതൃകയാണ് അന്ന് ജമാഅത്ത് കാഴ്ചവെച്ചത്. ഇന്നും അതേ മാതൃക നിലനാട്ടിക്കൊണ്ടിരിക്കുന്നു. ഖിലാഫത്തുമായി ബന്ധപ്പെട്ടു നിൽക്കുന്നത്കൊണ്ടാണ് ഈ അനുഗ്രഹങ്ങളെല്ലാം അവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കൈകളിൽ ബൈഅത്ത് ചെയ്തവർ അതനുസരിച്ച് പ്രവർത്തിക്കുന്നുണ്ട് എന്നതിനുള്ള തെളിവുകളാണ് ഇവയെല്ലാം. പാക്കിസ്ഥാനിൽ ഇന്ന് നിലവിലുള്ള സംസ്ഥാന കേന്ദ്ര ഗവൺമെന്റുകൾ മനസ്സിലാക്കേണ്ടത് അവർ പാക്കിസ്ഥാന്റെ നിലനിൽപ്പ് ആഗ്രഹിക്കുന്നുണ്ടെങ്കിൽ - ഇതിനായി ഓരോ അഹ്മദിയും സദ്പ്രകൃതക്കാരനും പ്രയത്നിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. - ഖാഇദെ അഅ്സം നിർമ്മിക്കാൻ ഉദ്ദേശിച്ച പാക്കിസ്ഥാനെ നിർമ്മിക്കാൻ ശ്രമിക്കേണ്ടതാണെന്നാണ്. അതല്ലാതെ മതത്തിന്റെ പേരും പറഞ്ഞ് വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും മതിലുകൾ തീർക്കുകയല്ല വേണ്ടത്. ഖാഇദെ അഅ്സം പറയുന്നു. 1947-ലെ നിയമനിർമ്മാണ അസംബ്ലിയിലെ അദ്ധ്യക്ഷപ്രസംഗത്തിൽ അദ്ദേഹം പറയുന്നു:- പാക്കിസ്ഥാൻ എന്ന മഹാരാജ്യത്തെ സമൃദ്ധമാക്കി മാറ്റാൻ നാം ആഗ്രഹിക്കുന്നുണ്ടെങ്കിൽ ജനങ്ങളുടെ ക്ഷേമൈശ്വര്യങ്ങൾക്കായി നമ്മുടെ മുഴുവൻ ശ്രദ്ധയും കേന്ദ്രീകരിക്കേണ്ടിയിരിക്കുന്നു. പ്രത്യേകിച്ച് സാധാരണക്കാരും ദരിദ്രരുമായവരെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. സഹവർത്തിത്വത്തോടും സഹകരണത്തോടും കൂടി പ്രവർത്തിക്കുകയാണെങ്കിൽ കുറഞ്ഞ കാലയളവിനുള്ളിൽ ഭൂരിപക്ഷം, ന്യൂനപക്ഷം, പ്രാദേശികത്വം, വർഗ്ഗീയത എന്നിവയുടേയും മറ്റു വിദ്വേഷങ്ങളുടേയും ചങ്ങലകൾ തകർന്നുപോകുന്നതാണ്. വിഭാഗീയതയില്ലാത്ത ഒരു രാജ്യമായി ഇത് മാറുന്നതാണ്. ഒരു കക്ഷിക്ക് മറ്റൊരു കക്ഷിയിൽ നിന്ന് ഒരു വ്യത്യാസവും ഉണ്ടായിരിക്കുന്നതല്ല. വ്യക്തിപരമായും ആശയപരമായും ഒരു വ്യത്യാസവും ഉണ്ടായിരിക്കുന്നതല്ല. നാം ഒരു നാട്ടിലെ തുല്യാവകാശമുള്ള പ്രജകളാണെന്ന അടിസ്ഥാന തത്വത്തിൽ ഇവിടെ പ്രവർത്തിക്കുന്നവരായിരിക്കും. നിങ്ങളുടെ ക്ഷേത്രങ്ങളിൽ പോകുന്നതിന് നിങ്ങൾക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കും. നിങ്ങളുടെ പള്ളികളിൽ പോകുന്നതിൽ നിങ്ങൾക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കും. പാക്കിസ്ഥാന്റെ അതിർത്തിക്കുള്ളിൽ ഏത് ആരാധനാലയത്തിലും പോകാൻ നിങ്ങൾക്ക് സ്വാതന്ത്ര്യമുണ്ട്. നിങ്ങൾ ഏതു മതസ്ഥനാണെങ്കിലും നിങ്ങളുടെ വിശ്വാസം എന്തുതന്നെയാണെങ്കിലും നിങ്ങൾ ആരുമായും ബന്ധപ്പെടുന്നുണ്ടെങ്കിലും ഇതിന് ഈ രാഷ്ട്രത്തിന്റെ നിയമവുമായി ഒരു ബന്ധവും ഉണ്ടായിരിക്കുന്നതല്ല. ഈ ഒരു കാര്യം അടിസ്ഥാനമാക്കിക്കൊണ്ട് നാം പ്രവർത്തിക്കേണമെന്നാണ് എന്റെ കാഴ്ചപ്പാട്. ഇങ്ങിനെ നാം മുന്നോട്ട് പോവുകയാണെങ്കിൽ ഹിന്ദു ഹിന്ദു അല്ലാതെയായിത്തീരും. മുസ്ലിം മുസ്ലിമല്ലാതായിത്തീരും. മതവീക്ഷണത്തിലല്ല ഞാനിതു പറയുന്നത്. കാരണം മതവിശ്വാസം ഓരോരുത്തരുടെയും മൗലികാവകാശമാണ്. ഞാൻ പറയുന്നത് ദേശീയ തലത്തിലാണ്. ഒരു രാഷ്ട്രത്തിലെ തുല്യാവകാശമുള്ള പൗരന്മാർ എന്ന നിലക്ക്.”

ഈ ഒരു കാഴ്ചപ്പാടാണ് ഖാഇദെ അഅ്സം മുന്നോട്ട് വെച്ചത്. എന്നാൽ 1974ലെ അസംബ്ലി തികച്ചും ഇതിനു വിരുദ്ധമായാണ് പ്രവർത്തിച്ചത്. ഒരാളുടെ വിശ്വാസവും മതവും ആരാധനരീതികളും നിശ്ചയിക്കുക എന്നത് ഒരു അസംബ്ലിയുടെ ജോലിയല്ല. പാക്കിസ്ഥാൻ ഭരണകൂടം ഈ അടിസ്ഥാന തത്വം മനസ്സിലാക്കി പ്രവർത്തിക്കുന്ന ആ ദിവസമായിരിക്കും പാക്കിസ്ഥാന്റെ വിജയത്തിനുള്ള പുതിയ വഴികൾ നിർണ്ണയിക്കുന്ന ദിനം. വർഗ്ഗീയതയുടെയും സാമുദായികതയുടേയും മതിലുകൾ ഇടിഞ്ഞുവീഴുന്നതാണ്. ഖാഇദെ അഅ്സം വിഭാവനം ചെയ്ത സമത്വ സുന്ദരമായ പാക്കിസ്ഥാൻ അപ്പോഴായിരിക്കും നിലവിൽ വരിക. അതുകൊണ്ട് സ്വന്തം ചരിത്രത്തിൽ നിന്നും നേതാക്കന്മാർ പാഠം ഉൾക്കൊള്ളേണ്ടതാണ്. ആരുടെയെങ്കിലും മതത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് തീരുമാനമെടുക്കാനും മതത്തെക്കുറിച്ച് തീരുമാനമെടുക്കാനും സ്വന്തം വിശ്വാസങ്ങൾ മറ്റുള്ളവരിൽ അടിച്ചേൽപ്പിക്കാനും ഒരിക്കലും ഇസ്ലാം അനുവാദം തരുന്നില്ല. മുസ്ലിംകൾക്ക് ഒരു പ്രത്യേക രാഷ്ട്രം നേടിക്കൊടുത്ത ആ മഹദ്വ്യക്തിത്വത്തേയും അനുവദിക്കുന്നില്ല. ഒരു പൗരൻ എന്ന നിലക്ക് ഓരോ പാക്കിസ്ഥാൻ പൗരനും അവന്റേതായ അവകാശങ്ങൾ നൽകേണ്ടതാണ്.

വോട്ട് ചെയ്യാനുള്ള അവകാശവും ജോലി ചെയ്യാനുള്ള അവകാശവും മതവിശ്വാസം സ്വീകരിക്കാനും ഉപേക്ഷിക്കാനുമുള്ള അവകാശവും എല്ലാവർക്കും നൽകേണ്ടതാണ്. നിയമം എല്ലാവർക്കും തുല്യമായിരിക്കേണ്ടതാണ്. എല്ലാവർക്കും തുല്യാവകാശം ലഭിക്കുകയാണെങ്കിൽ രാഷ്ട്രത്തിൽ സമാധാനാന്തരീക്ഷം നിലനാട്ടപ്പെടുന്നതാണ്.

1974 ൽ എടുത്ത തീരുമാനവും അതിന് ശേഷം അതിൽ മാറ്റങ്ങൾ വരുത്തികൊണ്ട് 1984ൽ അത് പാസ്സാക്കിക്കൊണ്ട് അതിന്റെ അടിസ്ഥാനത്തിൽ അഹ്മദികൾക്കെതിരിൽ നടപടികൾ എടുക്കുകയും ചെയ്തതിനുശേഷം രാഷ്ട്രം അധോഗതിയിലേക്ക് പോവുകയല്ലാതെ അഭിവൃദ്ധിയിലേക്ക് പോയിട്ടില്ല എന്നതിൽ നിന്നും പാഠം ഉൾകൊള്ളേണ്ടതാണ്. ഒരടി മുന്നോട്ട് പോകുമ്പോൾ മൂന്നടി പിന്നോട്ട് വന്നുകൊണ്ടിരിക്കുന്നു. എല്ലാവിധ അക്രമങ്ങളും അഹ്മദികൾക്കെതിരിൽ നടന്നുകൊണ്ടിരിക്കുന്നു. എന്നിട്ടും രാഷ്ട്രത്തിന്റെ ഉന്നമനത്തിന്നായി അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു, പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. എന്നാൽ അഹ്മദികൾക്ക് നഷ്ടം വരുത്താൻ ശ്രമിക്കുന്നവർ ഒന്നോർക്കണം. അല്ലാഹുവിന്റെ വിധി ഒരു ദിവസം നിങ്ങളോട് തീർച്ചയായും പ്രതികാരം ചെയ്യുന്നതാണ്. നിയമത്തിന്റെയും ഇസ്‌ലാമിന്റെയും പേരും പറഞ്ഞ് എന്നും അഹ്മദികളെ ശഹീദാക്കിക്കൊണ്ടിരിക്കുന്നു. ഈ രക്തം ഒരിക്കലും പാഴായിപ്പോകുന്നതല്ല. അല്ലാഹു പറയുന്നു.

وَمَن يَقْتُلْ مُؤْمِنًا مُّتَعَمِّدًا فَجَزَآؤُهُ جَهَنَّمُ خَالِدًا فِيهَا وَغَضِبَ
اللّٰهُ عَلَيْهِ وَلَعَنَهُ وَأَعَدَّ لَهُ عَذَابًا عَظِيمًا

മനഃപൂർവ്വം ആരാണോ ഒരു വിശ്വാസിയെ വധിക്കുന്നത് അതിനുള്ള ശിക്ഷ നരകമാകുന്നു. അതിൽ അവർ ഒരു ദീർഘകാലം വസിക്കുന്നതാണ്. അല്ലാഹു അവരോട് കോപിച്ചിരിക്കുന്നു. അവരെ അവൻ ശപിക്കുകയും ചെയ്തിരിക്കുന്നു. അവർക്ക് വേണ്ടി അവൻ കഠിന ശിക്ഷ ഒരുക്കിവെച്ചിരിക്കുകയും ചെയ്തിരിക്കുന്നു. ഈ കാര്യം നിങ്ങൾ എപ്പോഴും ഓർത്തിരിക്കുക. അല്ലാഹുവിന്റെ ശിക്ഷയെ ഭയപ്പെടുക.

അഹ്മദികൾ വിശ്വാസികളല്ലാ എന്നവർ പറയാറുണ്ട്. ഹദീസിൽ വന്നിരിക്കുന്നു. വിശ്വാസത്തിന്റെ ഏറ്റവും ശ്രേഷ്ഠമായത് ലാഇലാഹഇല്ലല്ലാഹ് എന്ന് പറയലാണ്. ഇവിടെ കലിമപോലും പൂർണ്ണമായി പറയുന്നില്ല. തിരുനബി(സ) അരുളി. ലാഇലാഹ ഇല്ലല്ലാഹ് എന്ന് പറയുന്നതാണ് ഏറ്റവും ശ്രേഷ്ഠമായ ഈമാൻ. അതോടൊപ്പം ഒരു സഹാബിയുടെ സംഭവവും നാം ഓർക്കണം. ഒരു സഹാബി യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോൾ ശത്രുവിനെ കീഴ്പ്പെടുത്തി വധിക്കാൻ വാളുയർത്തിയ സന്ദർഭത്തിൽ അയാൾ കലിമ ചൊല്ലുകയുണ്ടായി. എന്നിട്ടും ആ സഹാബി അയാളെ വധിച്ചു. ഈ സംഭവം തിരുനബി(സ)യുടെ അടുത്തെത്തിയപ്പോൾ തിരുനബി(സ) ശക്തമായ ഭാഷയിൽ ആ സഹാബിയോട് ചോദിച്ചു. അദ്ദേഹം നിന്നെ ഭയന്നുകൊണ്ടാണോ അതോ ഹൃദയം കൊണ്ടാണോ കലിമ ചൊല്ലിയതെന്നറിയാൻ നീ അദ്ദേഹത്തിന്റെ ഹൃദയം പിളർത്തി നോക്കിയിരുന്നോ? ആ സഹാബി പറയുന്നു: തിരുനബി(സ) ഇത്രമാത്രം കോപിച്ചിരിക്കുന്നത് കണ്ടപ്പോൾ ഞാൻ മനസ്സിൽ കരുതി. ഇതിനുമുമ്പ് ഞാൻ മുസ്‌ലിം ആയിരുന്നില്ലെങ്കിൽ എത്ര നന്നായേനേ.

യാഥാർത്ഥ്യം ഇതായിരിക്കെ, സ്വന്തം വ്യാഖ്യാനങ്ങൾ നടത്തി കലിമ ചൊല്ലുന്നവരെ ഇവർ വധിച്ചുകൊണ്ടിരിക്കുന്നു. ശഹീദാക്കിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ ദിവസങ്ങളിൽ അതിക്രൂരമായ രീതിയിൽ മുൽത്താനിൽ ദമ്പതികളായ രണ്ട് യുവ ഡോക്ടർമാരെ ശഹീദാക്കുകയുണ്ടായി. കാലഘട്ടത്തിലെ ഇമാമിനെ വിശ്വസിച്ചൂ എന്നതുമാത്രമായിരുന്നു അവരുടെ തെറ്റായി ഇവർ ആരോപിച്ചത്. ഇരുവരും ജനപ്രിയ ഡോക്ടർമാരായിരുന്നു. ഡോക്ടർ ശേറാസ് സാഹിബിന് 37 വയസ്സും ഡോക്ടർ നൂറീൻ ശേറാസിന് 28 വയസ്സുമാണ് പ്രായം. എനിക്ക് തോന്നുന്നത് സ്ത്രീകളുടെ ശുഹദാക്കളിൽ ഏറ്റവും പ്രായം കുറഞ്ഞ ശഹീദ ഇവരാണെന്നാണ്. ജനങ്ങൾക്ക് വളരെ പ്രയോജനകാരികളായ, സൃഷ്ടിസേവനം ചെയ്യുന്ന, ഇക്കൂട്ടരുടെ തന്നെ രോഗികൾക്ക് സേവനം ചെയ്യുന്ന ഈ മനുഷ്യസ്നേഹികളെ അതിക്രൂരമായ രീതിയിലാണ് ഇവർ ശഹീദാക്കിയിരിക്കുന്നത്. എതിരാളികൾ ഓർത്തിരിക്കേണ്ട ഒരു കാര്യം അഹ്മദികൾ ചില ലക്ഷ്യങ്ങൾക്കായാണ് ശഹീദാകുന്നത്. എന്നാൽ ഹദ്റത്ത് റസൂൽ (സ) ന്റെ പ്രേമിയുടെ ആഗമനത്തോടുകൂടി വെളിപ്പെട്ട സത്യത്തെ നിഷേധിച്ചതിന്റെ ഫലമായി നാട്ടിൽ വ്യാപിച്ചുകൊണ്ടിരിക്കുന്ന അശാന്തി കാരണമായി ഡസൻ കണക്കിന് നിഷ്കളങ്കരാണ് നാട്ടിൽ വധിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. ഇതും അല്ലാഹുവിന്റെ പ്രതികാര നടപടികളിൽ പെട്ടതാണ്. ഇനി ഞങ്ങൾ മുസ്ലിംകളല്ലെങ്കിൽ തന്നെ നാട്ടിൽ മുസ്ലിംകൾ മുസ്ലിംകളെ കൊല്ലുന്നില്ലെ? ഇതിനുള്ള പ്രതിക്രിയ തീർച്ചായും അല്ലാഹു ചെയ്യില്ലെ. ഇതിന്റെ പ്രതികരണം എന്തായിരിക്കുമെന്നത് അല്ലാഹുവിന് മാത്രമേ അറിയുകയുള്ളൂ. ദൈവഭയം ഇവർക്ക് തീരെ ഇല്ല. അല്ലാഹു ഇവരോട് കരുണ ചൊരിയുമാറാകട്ടെ.

കഴിഞ്ഞ ദിവസങ്ങളിൽ ഗവൺമെന്റിനോടും സൈന്യത്തോടും ഏറ്റുമുട്ടൽ നടന്നുകൊണ്ടിരിക്കുകയായിരുന്നു. അവസാനം ഗവൺമെന്റ് ആയുധം വെച്ച് കീഴടങ്ങുകയുണ്ടായി. അതിനുശേഷം ഒരു ശറഹീ സംവിധാനമാണ് നിലവിൽ വന്നത്. അതോടൊപ്പം കോടതിയും നിലവിൽ വന്നു. അതിനുശേഷം ഇതെല്ലാം ചെയ്യുന്ന മുല്ലാക്കൾ പ്രഖ്യാപിച്ചത് ജഡ്ജി ഭരണത്തിൽ കൈകടത്താൻ ശ്രമിക്കരുതെന്നാണ്. ഗവൺമെന്റ് മനസ്സിലാക്കേണ്ടത് ഇത് തുടക്കം മാത്രമാണെന്നാണ്. ഇത് ഇവിടെ അവസാനിക്കുന്നതല്ല. ഇത് രാജ്യത്തെ ഒന്നടങ്കം അശാന്തിയുടെ കരവലയത്തിൽ ഒതുക്കുന്നതാണ്. ലോകം ഇപ്പോൾ പാക്കിസ്ഥാനെ ഭീകരവാദ രാഷ്ട്രമായി മുദ്രകുത്തുകയാണ്. ഇവിടെയുള്ള വിദേശകാര്യമന്ത്രിയും കഴിഞ്ഞ ദിവസങ്ങളിൽ പ്രസ്താവന നടത്തിയത്, ഗവൺമെന്റുകൾ സ്വയം നന്നാകുന്നില്ലെങ്കിൽ ഈ രാജ്യത്തെ ഭീകര രാഷ്ട്രമായി പ്രഖ്യാപിക്കുന്നതാണ് എന്നാണ്.

പാക്കിസ്ഥാനെ പലീദിസ്ഥാൻ എന്ന് പറഞ്ഞിരുന്ന ആ മുല്ലാക്കൾ അവരുടെ കുത്സിത ശ്രമങ്ങളിൽ വിജയിക്കുന്നതായി കണ്ടുവരുന്നു. ഇവരുടെ കൈകളിലാണ് ഈ രാഷ്ട്രം ഉള്ളതെങ്കിൽ പാക്കിസ്ഥാന്റെ നാമത്തെ പ്പോലും ഇവർ നിലനിർത്തുമോ എന്ന ആശങ്കയാണുള്ളത്. ഈ മുല്ലാക്കളിൽ നിന്നും വിട്ട് നിൽക്കുകയെന്നും ഒരു പ്രാവശ്യമെങ്കിലും നിങ്ങൾ അവരെ തോളിലേറ്റിയാൽ പിന്നീട് അവർ നിങ്ങളുടെ കാലിന് ചങ്ങലകളായി മാറുന്നതാണെന്നും അഹ്മദിയ്യാ ഖലീഫമാർ ഗവൺമെന്റിനെ ധരിപ്പിക്കാൻ കഴിയുന്നത്ര ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. എന്നിട്ടും ഇവർക്ക് കാര്യം മനസ്സിലാകുന്നില്ല. ഇങ്ങിനെയുള്ള രാഷ്ട്രീയനേതാക്കന്മാർ തങ്ങൾ ഈ നാടിന്റെ സേവനത്തിനായി തയ്യാറാണെന്ന് വാദിക്കുന്നു. എന്നാൽ മുല്ലാക്കൾ പാക്കിസ്ഥാനെ നാശഗർത്തത്തിലേക്കാണ് കൊണ്ടുപോകുന്നത് എന്ന യാഥാർത്ഥ്യം അവർ മനസ്സിലാക്കുന്നില്ല. ഇവരോടുള്ള ഏതൊരു സഖ്യവും ഗവൺമെന്റിനും നാടിനും നാശത്തിന് കാരണമായിത്തീരുന്നതാണ്. ഈ നാടിനെ അല്ലാഹു രക്ഷിക്കട്ടെ എന്ന ദുആ മാത്രമെ ഞങ്ങൾക്ക് ചെയ്യാൻ സാധിക്കു

കയുള്ളു. ഈ ശഹാദത്തുകൾ മുഖേന അഹ്മദികളുടെ വളർച്ച തങ്ങൾക്ക് തടയാൻ സാധിക്കുമെന്ന് മുല്ലാക്കളുടെ കണക്കുക്കൂട്ടലുകൾ തികച്ചും അവരുടെ വ്യാമോഹം മാത്രമാണ്. അല്ലാഹു നിർമ്മിച്ചിരിക്കുന്നതിനെ അവൻ തന്നെ സംരക്ഷിക്കുന്നതാണ്. ഇതിന്റെ യാത്ര തുടർന്നുകൊണ്ടിരിക്കും. എന്നാൽ ഒന്ന് രണ്ട് പ്രയാസങ്ങളും ശഹാദത്തുകളും ഇടക്കിടക്ക് പരീക്ഷണമെന്ന രീതിയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നതാണ്. ശഹീദുകൾ അല്ലാഹുവിന്റെ വാഗ്ദാനപ്രകാരം നിത്യജീവൻ കൈവരിച്ചുകൊണ്ടിരിക്കുന്നു. അവർ അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കുന്നവരായി മാറുന്നു.

ഏതായിരുന്നാലും അഹ്മദികൾ ദുആയിൽ കൂടുതൽ ശ്രദ്ധ ചെലുത്തുക. പ്രത്യേകിച്ച് പാക്കിസ്ഥാനീ അഹ്മദികൾ. കാരണം അഗ്നികുണ്ഡത്തിന്റെ വക്കിലെത്തിയിരിക്കുന്ന ഈ രാജ്യത്തെ ഇനി അഹ്മദികളുടെ ദുആയുടെ ഫലമായി ഇറങ്ങുന്ന അല്ലാഹുവിന്റെ ഫള്ലിന് മാത്രമെ രക്ഷിക്കാൻ സാധിക്കുകയുള്ളൂ. ഈ രാജ്യത്തിന്റെ നിർമ്മാണത്തിൽ അഹ്മദികൾ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ഇതിനെ രക്ഷിക്കുന്നതിലും ജമാഅത്തിന്റെ ദുആ വലിയ പങ്ക് വഹിക്കുന്നതാണ്. അല്ലാഹു അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

ശഹീദാക്കപ്പെട്ട ഡോക്ടർമാരുടെ ചില വിവരണങ്ങൾ കൂടി നൽകുന്നു. ഇവരുടെ ശഹാദത്ത് നടന്ന സംഭവം ഇപ്രകാരമാണ്. മാർച്ച് 14-ാം തിയതി ജോലികഴിഞ്ഞ് 3.15 ന് ഇരുവരും വീട്ടിലെത്തി. ആരോ അവിടെ നേരത്തെതന്നെ ഒളിച്ചിരിപ്പുണ്ടായിരുന്നു എന്നാണ് മനസ്സിലാകുന്നത്. അവർ, ഇവർ രണ്ടുപേരേയും അതിക്രൂരമായ രീതിയിൽ ശഹീദാക്കുകയുണ്ടായി. ഇരുവരും മൂസികളായിരുന്നു. ഡോക്ടർ ശേറാസ് ബാജ്വ സാഹിബിന്റെ മയ്യത്ത് അദ്ദേഹത്തിന്റെ ബെഡ്റൂമിലായിരുന്നു. കൈകൾ രണ്ടും പിന്നിലാക്കി കെട്ടിയിരുന്നു. കണ്ണുകൾ തുണികൊണ്ട് കെട്ടിയിരുന്നു. വായിൽ പരുത്തി കുത്തിനിറച്ചിരുന്നു. കഴുത്തിൽ കയറിന്റെ അടയാളമുണ്ടായിരുന്നു. പലകയറുകളും അദ്ദേഹത്തിന്റെ തലഭാഗത്ത് ഉണ്ടായിരുന്നു. അവരുടെ വേലക്കാരി വൈകുന്നേരം വന്നപ്പോഴാണ് അദ്ദേഹത്തെ ആദ്യം കണ്ടത്. അദ്ദേഹത്തിന്റെ മയ്യത്ത് ഫാനിൽ തൂങ്ങിക്കിടക്കുകയായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യയുടെ മയ്യത്ത് ഡ്രോയിങ്ങ് റൂമിലെ കാർപ്പെറ്റിലായിരുന്നു. കയറുകൊണ്ട് അവരെയും കെട്ടിയിരുന്നു. വായയിൽ തുണിതിരുകിയിരുന്നു. ഡോക്ടർ ശേറാസ് സാഹിബ് മുൽത്താൻ ഹോസ്പിറ്റലിൽ നേത്രരോഗ വിഭാഗത്തിലാണ് ജോലി ചെയ്തിരുന്നത്. ഡോക്ടർ നൂറീൻ ചിൽഡ്രൻസ് ഹോസ്പിറ്റലിലുമായിരുന്നു. ജനപ്രിയ ഡോക്ടറായിരുന്നു ഇരുവരും. അഹ്മദികളും അനഹ്മദികളും എല്ലാം ഇവരെ സ്നേഹിച്ചിരുന്നു. സൗമ്യപ്രകൃതരും സഹതാപം പ്രകടിപ്പിക്കുന്നവരുമായിരുന്നു. ഇതുകാരണം എല്ലാവരും അറിയപ്പെട്ടിരുന്നു. ഫള്ലെ ഉമർ ഹോസ്പിറ്റലിലും ഇവർ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇവർ താമസിക്കുന്ന കോളനിയിൽ ചുറ്റുമതിൽ ഉള്ളതാണ്. മതിലുകൾക്ക് മുകളിൽ കമ്പിവേലി ഉണ്ടായിരുന്നു. ഗേറ്റുണ്ട്. സെക്യൂരിറ്റിയും ഉണ്ട്. ഇതെല്ലാം ഉണ്ടായിട്ടുകൂടി ഈ കൃത്യം ചെയ്തെങ്കിൽ ഇത് ആസൂത്രിതമായി ചെയ്ത പരിപാടിയാണെന്ന് മനസ്സിലാകുന്നുണ്ട്. ആ കോളനിയിൽ സെക്യൂരിറ്റി ചെക്ക് ചെയ്യാതെ ആർക്കും പ്രവേശിക്കാൻ തന്നെ പറ്റില്ലായിരുന്നു. ഇതിൽ ഇവരെല്ലാം ഉൾപ്പെട്ടിട്ടുണ്ടെന്നാണ് മനസ്സിലാകുന്നത്. നല്ല പ്രാഗത്ഭ്യമുള്ളവരായിരുന്നു. പ്രബന്ധരചനയിൽ ഇദ്ദേഹത്തിന് അടുത്തിടെ വലിയ ബഹുമതിയും ലഭിച്ചിട്ടുണ്ട്. സന്താനങ്ങളില്ല. വിവാഹം അടുത്താണ് കഴിഞ്ഞത്. നമസ്കാരത്തിനുശേഷം അവരുടെ ജനാസ ഗാഇബ് ഞാൻ നമസ്കരിക്കുന്നതാണ്.

ഈ ജനാസ ഗാഇബിനോടൊപ്പം മറ്റു ചിലരുടെ ജനാസ ഗാഇബ് നമസ്കാരം കൂടിയുണ്ട്. ഒന്ന് ഡോക്ടർ അസ്‌ലം ജഹാംഗീർ സാഹിബാണ്. ഹരിപൂർ ഹസാറയിലെ ജില്ലാ അമീറായിരുന്നു അദ്ദേഹം. മാർച്ച് 15-നാണ് അദ്ദേഹം വഫാത്തായത്. നുസ് റത്ത് ജഹാം സ്കീമിന്റെ കീഴിൽ കുറച്ച് കാലത്തേക്ക് ഇദ്ദേഹം സെറാലിയോണിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഒരു ദീർഘകാലം അമീറായി സേവനമനുഷ്ടിക്കുകയുണ്ടായി. കുറച്ച് മാസങ്ങൾക്ക് മുമ്പ് ഇദ്ദേഹത്തെയും വധിക്കാൻ ശ്രമിച്ചിരുന്നു. കത്തികൊണ്ട് കുത്തിപരിക്കേൽപ്പിക്കുകയുണ്ടായി. നീ ഖാദിയാനി ആയതുകൊണ്ട് നിന്നെ കൊല്ലാനാണ് ഞാൻ വന്നത് എന്ന് പറഞ്ഞുകൊണ്ടാണ് കുത്തിയത്. പക്ഷെ അദ്ദേഹം അതിൽ നിന്ന് രക്ഷപ്പെടുകയുണ്ടായി. ജനങ്ങൾ അവിടെ ഒരുമിച്ച്കൂടി. നല്ല പരിക്കേറ്റു. ഇദ്ദേഹത്തിന്റെ വയസ്സ് 74 ആണ്. ഈ മുറിവുകൾ കാരണം ഇദ്ദേഹത്തിന്റെ ശരീരം ക്ഷീണിച്ചുകൊണ്ടിരുന്നു. രോഗിയുമായിരുന്നു. ഹൃദയാഘാതം മൂലമാണ് വഫാത്തായത്. മൂസിയായിരുന്നു. ബഹിശ്ത്തീ മക്ബറയിൽ ജനാസ കബറടക്കുകയുണ്ടായി.

മറ്റൊരു ജനാസ നാസിറാബീഗം സാഹിബയുടേതാണ്. മിയാം ശരീഫ് അഹ്മദ് സാഹിബിന്റെ ഭാര്യയാണിവർ. സയ്യിദ് അസീസുല്ലാഹ് ശാഹ് സാഹിബിന്റെ മകളായിരുന്നു. ഹദ്റത്ത് സയ്യിദാ മീർ ആപാസാഹിബയുടെ സഹോദരിയും ഖലീഫത്തുൽ മസീഹ് റാബിഇന്റെ അമ്മാവന്റെ മകളുമായിരുന്നു. ആത്മാർത്തതയുള്ള മഹിളയായിരുന്നു. ഇവരേയും ഈ ജനാസ നമസ്കാരത്തിൽ ഉൾപ്പെടുത്തുകയാണ്. അല്ലാഹു എല്ലാ മർഹൂമീങ്ങളുടേയും പദവികൾ ഉയർത്തുമാറാകട്ടെ. തന്റെ സാമീപ്യം നൽകി അനുഗ്രഹിക്കുമാറാകട്ടെ. ഇവരുടെ നന്മകൾ ഇവരുടെ പിൻഗാമികൾക്ക് നിലനിർത്തുവാൻ കഴിയുമാറാകട്ടെ.

**വിവർത്തനം**
എം. നാസിർ അഹ്മദ്, കൊടിയത്തൂർ.
മുബല്ലിഗ് – എറണാകുളം ,
Ph: 94461 51197

KHUTHBA:

**HADHRAT MIRZA MASROOR AHMAD**
KHALIFATHUL MASIH - V
on **20- 03 - 2009** at
Baithul Futuh
UK

Page Layout & Type Set : Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**